# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.5/1768/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യൻകോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.5/1768/2023 തീയ്യതി: 27/12/2023

## തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-11-2023 | 18-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസ് ഡബ്ല്യൂ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. അനിൽ കുമാർ .ആർ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി പ്രീതാജാസ്മിൻ .ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗിരിജകുമാരി ഒ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി കലാറാണി ആർ.ഐ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ആശ എസ്. നായർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മഞ്ജു മോഹൻദാസ് | മെഡിക്കൽ ഓഫീസർ (PHC) | 01-04-2022 | 11-05-2022 |
| ഡോ. പ്രിയങ്ക | മെഡിക്കൽ ഓഫീസർ (PHC) | 11-05-2022 | 31-03-2023 |
| ശ്രീമതി പാർവ്വതി കൃഷ്ണൻ | ICDS സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ അജിത് മോഹൻ | വി.ഇ.ഒ.( എ-സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് എം. | വി.ഇ.ഒ. (ബി-സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി ബിനി ജെ.സി. | അസി. എഞ്ചിനീയർ (LSGD) | 01-04-2022 | 31-03-2023 |
| ഡോ. അനിലാറാണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 30-11-2022 |
| ഡോ. ഷംന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 30-11-2022 | 12-02-2023 |
| ഡോ. ബീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-02-2023 | 31-03-2023 |
| ശ്രീമതി ആശ .എം.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. ശിവകുമാർ .എം | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 31-03-2023 |
| ശ്രീ. രതീഷ് കുമാർ . ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-06-2022 |
| ശ്രീമതി നിഷ വൽസലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-06-2022 | 31-03-2023 |
| ശ്രീ. എ.ആർ. രാജീവ് കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 01-01-2023 |
| ശ്രീമതി മിനി .കെ. നായർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-01-2023 | 31-03-2023 |
| ഡോ.കൃഷ്ണദാസ് | വെറ്റിനറി സർജൻ | 01-04-2022 | 30-08-2022 |
| ഡോ.സഞ്ജു | വെറ്റിനറി സർജൻ | 30-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഓഡിറ്റ് നിയമത്തിലെ സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | വാർഷിക അനുപാതങ്ങൾ, താരതമ്യ തുകകൾ , വാർഷിക ധനകാര്യ പത്രികയിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | സെക്കുവേർഡ് ലോൺ ഇനത്തിലെ ബാധ്യത തുകയും പ്രീ-പെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട സ്റ്റെയ്ൽ ചെക്കുകൾ വരവായി മുതൽക്കൂട്ടിയിട്ടില്ല | 1-1-7 |
| 9 | പൂർത്തിയാകാത്ത പ്രവൃത്തികളുടെ മൂല്യം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | പ്രയർ പിരീഡ് ഇനങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ബാധ്യതാ തുകകൾ– വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ - നീക്കിയിരുപ്പ് തുകയിലെ വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല | 1-1-11 |
| 13 | വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവയ്ക്ക് കൈമാറിയ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച് വ്യക്തതയില്ല | 1-1-14 |
| 16 | ലൈഫ് ലോൺ ഇനത്തിലെ ബാധ്യത- ലോൺ രജിസ്റ്ററുമായി പൊരുത്തക്കേട് | 1-1-15 |
| 17 | തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ചെക്കുകൾ അക്കൗണ്ടിൽ പണമായി വരവ് വന്നിട്ടില്ല | 1-1-16 |
| 18 | ലിറ്ററസി സ്കീം ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പ് നിൽക്കുന്ന തുക- ബാങ്ക് അക്കൗണ്ടിൽ 38827/- രൂപയുടെ കുറവ് | 1-1-17 |
| 19 | ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ ബാധ്യതാ വിവരങ്ങൾ B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി KSEB യ്ക്ക് കൈമാറിയ 436666/-രൂപയുടെ വിവരം B-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ബജറ്റ് - നിരീക്ഷണങ്ങൾ | 1-2-1 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | ഗ്രാന്റ് വിനിയോഗം- വിശകലനവും പൊരുത്തക്കേടുകളും | 1-4-1 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | ക്ഷേമപദ്ധതികൾ | 1-6 |
| 28 | ക്ഷേമപെൻഷൻ മരണശേഷവും നൽകി | 1-6-1 |
| 29 | ക്യാഷ് പരിശോധന | 1-7 |
| 30 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 31 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 33 | ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-11 |
| 34 | വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-12 |
| 35 | ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല | 1-13 |
| 36 | ആശ്വാസ്-ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സാഹായം- മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല-71700/- രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 37 | വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ രേഖ ഹാജരാക്കിയില്ല-16,51,555/- രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 38 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 1199874/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 39 | തൊഴിൽ സഭ-പദ്ധതി നടത്തിപ്പ്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-4100/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 40 | പഞ്ചായത്ത് ഓഫീസ് നവീകരണം-ടെണ്ടർ നടപടി -അപാകതകൾ | 1-18 |
| 41 | തനത് വരുമാനം സംബന്ധിയായ നിരീക്ഷണങ്ങൾ | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് രിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **31.07.23 ലെ 1(1)-ാം നം. ജനറൽ കമ്മിറ്റി** തീരുമാനം പ്രകാരം തയ്യാറാക്കി **02.08.2023** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആര്യൻകോട് ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആര്യൻകോട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ഓഡിറ്റ് നിയമത്തിലെ സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക,1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയായ , 2023 ജൂലയ് 31 നകം ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല (സമർപ്പിച്ച തീയതി 02.08.2023). നിശ്ചിത സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിക്കാത്തതിനുള്ള കാരണം അറിയിക്കുന്നതോടൊപ്പം ഭാവിയിൽ സമയപരിധി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 വാർഷിക അനുപാതങ്ങൾ, താരതമ്യ തുകകൾ , വാർഷിക ധനകാര്യ പത്രികയിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, വാർഷിക ധനകാര്യ പത്രികയിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 3/2022-23 തീയതി 09.11.2023) ക്ക് ഇവ തയ്യാറാക്കാൻ ILGMS ൽ നിലവിൽ സംവിധാനമില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ചട്ട വ്യവസ്ഥകൾക്കനുസൃതമായി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് (-5560124) Net Increase/decrease In Cash And Cash Equivalents (-4532962) മായി പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 09.11.2023 ക്ക് ILGMS സംവിധാനം വഴി ആട്ടോമാറ്റിക്ക് ആയി ജനറേറ്റ് ചെയ്യപ്പെടുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ ആധികാരികത വ്യക്തമല്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടിംഗിലെ പൊതുവായ തത്വങ്ങളും അടിസ്ഥാന ആശയങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ബി 14 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 3/2022-23 തീയതി 09.11.2023) ക്ക് വരും സാമ്പത്തിക വർഷത്തിൽ വർഷാന്ത്യ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടിംഗിലെ പൊതുവായ തത്വങ്ങളും അടിസ്ഥാന ആശയങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക I 17(A) ഷെഡ്യൂളിൽ തൻ വർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ/പത്രികകൾ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/2022-23 തീയതി 09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും പരിശോധിച്ചുറപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-6 സെക്യുവേർഡ് ലോൺ ഇനത്തിലെ ബാധ്യത തുകയും പ്രീ-പെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സെക്യുവേർഡ് ലോൺ ഇനത്തിലെ ബാധ്യത തുക 50423297/- രൂപ ആണ്. എന്നാൽ ഇതിന് ആനുപാതികമായി ആസ്തി ഭാഗത്ത് ഉൾപ്പെടേണ്ട B16 ഷെഡ്യൂൾ പ്രകാരമുള്ള പ്രീ-പെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് തുക 50338105/- രൂപ ആണെന്ന് കാണുന്നു. വ്യത്യാസത്തിൻ മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/2022-23 തീയതി 09.11.2023) വ്യത്യാസം വന്ന തുക ലോൺ അക്കൗണ്ടിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ലോൺ പാസ്സ് ബുക്കുൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും പരിശോധിച്ചുറപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-7 കാലഹരണപ്പെട്ട സ്റ്റെയ്ൽ ചെക്കുകൾ വരവായി മുതൽക്കൂട്ടിയിട്ടില്ല

ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഇഷ്യൂ ചെയ്തതിൽ പണം മാറിയെടുക്കാൻ അവശേഷിക്കുന്ന ചെക്കുകളിൽ ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞവയുടെ മൂല്യം 233251/- രൂപ ആണ്. അതിൽ കാലാവധി കഴിഞ്ഞ (3 വർഷം കഴിഞ്ഞത്) ചെക്ക് തുകകൾ വരവായി മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടി വിവരങ്ങളും വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/2022-23 തീയതി 09.11.2023) പ്രസ്തുത ചെക്കുകൾ വരും വർഷങ്ങളിൽ വരവായി മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ നടപടിക്രമങ്ങളിലെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

### 1-1-8 പൂർത്തിയാകാത്ത പ്രവൃത്തികളുടെ മൂല്യം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് B11(b) ഷെഡ്യൂൾ (Head Code 412010101) പ്രകാരം ചെയ്തു വരുന്നതും പൂർത്തിയാകാത്തതുമായ പ്രവൃത്തികളുടെ മൂല്യം പൂജ്യം എന്ന് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2022-23 ൽ പാർട്ട് ബില്ലുകൾക്കായി ചെലവായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗ്യാസ് ശ്മശാന നിർമ്മാണം രണ്ടാം ഘട്ടം (AE Proj No.4/23) – 276653/- രൂപ

2. വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (AE Proj No.3/23) – 433641/- രൂപ

ബാലൻസ് ഷീറ്റിലെ മേൽ അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 09.11.2023 മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആയതിൻ മേൽ അഭിപ്രായം അറിയിച്ചിട്ടില്ല. അപാകതയിൻ മേൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-9 പ്രയർ പിരീഡ് ഇനങ്ങൾ – വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I 18 ഷെഡ്യൂൾ പ്രകാരം 290800701 – Prior Period Expenses എന്ന ഹെഡിൽ 1182418/- രൂപയും I 19 ഷെഡ്യൂൾ പ്രകാരം Prior Period Income ഇനത്തിൽ 744424/- രൂപയും കാണിച്ചിരിക്കുന്നു. ഇതിൻമേലുള്ള വിശദവിവരങ്ങൾ /ആവശ്യമായ സംഗതികളിൽ കമ്മിറ്റി തീരുമാനം ഉൾപ്പടെ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/2022-23 തീയതി 09.11.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ബാധ്യതാ തുകകൾ– വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ പരാമർശിച്ചിരിക്കുന്ന ബാധ്യതാതുകകളിൻമേലുള്ള വിശദവിവരങ്ങളും കഴിഞ്ഞ വർഷത്തെ തുക അതേപടി നിലനിൽക്കാനുണ്ടായ കാരണവും തുകകൾ നിലവിൽ സൂക്ഷിച്ചിട്ടുള്ള അക്കൗണ്ട് വിവരവും ആയതിലെ നീക്കിയിരുപ്പ് വിവരം B 17 ൽ ഉൾപ്പടുത്തിയതുൾപ്പടെയുള്ള വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/2022-23 തീയതി 10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഹെഡ് കോഡ് | വിവരണം | B4 2021-22 ലെ തുക (രൂപ) | B4 2022-23 ലെ തുക (രൂപ) |
|---|---|---|---|---|
| 1 | 320100999 | Other Liabilities | 50000 | 50000 |
| 2 | 320200205 | Fund For Tran Inst-social Justice -Capital | 280000 | 280000 |
| 3 | 320400101 | Nabard Assistance | 5179 | 5179 |
| | | **ആകെ** | **335179** | **335179** |

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച തുകകൾ – നീക്കിയിരുപ്പ് തുകയിലെ വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല

സംയുക്ത പ്രോജക്റ്റുകൾക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും (ട്രഷറി STSB സംവിധാനത്തിൽ) ലഭ്യമായ തുകകളുടെ കൃത്യമായ നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു,

| ക്രമ നം. | ഹെഡ് കോഡ് | വിവരണം | B4 2021-22 ലെ തുക (മുന്നിരുപ്പ്) | 2022-23 ൽ ലഭ്യമായ തുക | B4 2022-23 ലെ തുക (നീക്കിയിരുപ്പ്) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 320700204 | Joint Vencture-Block Panchayath | 531977 | 300000 | 831977 | RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് രൂപ 121383/- |
| 2 | 320700205 | Joint Vencture-Dist Panchayath | 264951 | 770 | 265721 | |

| | | | | | | |
|---|---|---|---|---|---|---|
| | | ആകെ | 796928 | 300770 | 1096798 | |

ട്രഷറി STSB Statement (STSB 79911400002764) പ്രകാരമുള്ള നീക്കിയിരുപ്പ് വിവരം RP 40(b) യിൽ രൂ.121383/- എന്ന് കുറവായി ഉൾപ്പെടുത്തിയതിനുള്ള കാരണം ഉൾപ്പടെയുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/2022-23 തീയതി 10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടേയും ആവശ്യപ്പെട്ട രേഖകളുടേയും അഭാവത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി നിലനിറുത്തിയിരുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരുപ്പ് വിവരങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. മേൽ വിഷയത്തിൽ രേഖകൾ സഹിതമുള്ള വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-12 വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പ്രോപ്പർട്ടി ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|---|
| വരവ് വിവരം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ (കറന്റ്) + നോൺ റസിഡൻഷ്യൽ (കറന്റ്) | 2755015 | 2706583 | 43146 | 2710534 | 2660754 | 42066 |
| റസിഡൻഷ്യൽ (അരിയർ) + നോൺ റസിഡൻഷ്യൽ (അരിയർ) | 67366 | 30269 | 37097 | 57124 | 71818 | 35233 |

വ്യത്യാസത്തിൻ മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/2022-23 തീയതി 09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-13 വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിവരണം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 1511013 | 1497942 | 12057 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 1199521 | 1162812 | 30009 |
| റസിഡൻഷ്യൽ (അരിയർ) | 15414 | 37663 | 11388 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 41710 | 34155 | 23845 |

വ്യത്യാസത്തിൻ മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 9/2022-23 തീയതി 09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിലേക്കായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-14 വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവയ്ക്ക് കൈമാറിയ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച് വ്യക്തതയില്ല

2021-22 ലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും അതേപടി നിലനിൽക്കുന്നു.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 460100199 | Other Deposits | 223892 |
| 460500202 | Deposit With KSEB | 2036313 |

| | | |
|---|---|---|
| 460500204 | Deposit With Ground Water Dept | 702917 * |

* 2022-23 ൽ ഡെപ്പോസിറ്റ് ചെയ്ത തുക കൂടി ഉൾപ്പട്ടത്. മേൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/2022-23 തീയതി 14.11.2023 ക്ക് മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ വിവിധ ഏജൻസികൾ, വകുപ്പുകൾക്ക് കൈമാറിയ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച് ഓഡിറ്റിന് വ്യക്തതയില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിനായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-15 ലൈഫ് ലോൺ ഇനത്തിലെ ബാധ്യത- ലോൺ രജിസ്റ്ററുമായി പൊരുത്തക്കേട്

2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം സെക്വേർഡ് ലോൺ (ലൈഫ് ലോൺ) ഇനത്തിലെ ബാധ്യത 50423297/- രൂപ ആണ്. ഈ ഇനത്തിലെ മുന്നിരുപ്പ് (2021-22 B-5 ഷെഡ്യൂൾ പ്രകാരം) 55217146/- രൂപയും തൻ വർഷ ലോൺ തിരിച്ചടവ് തുക സൂലേഖ ചെലവ് പത്രിക പ്രകാരം 4793849/- രൂപയുമാണ്. തൻ വർഷം ലോൺ തുകയുടെ വരവ് ഇല്ല. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരമുള്ള തിരിച്ചടവ് തുകയും (4576000/- രൂപ) 31.03.2023 ലെ ബാധ്യത തുകയുമായി (50641146/- രൂപ) വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. ചേർച്ചയില്ലായ്മ കാണുന്നു. ലോൺ വിവരങ്ങളിലെ പൊരുത്തക്കേടുകളിൻ മേൽ വ്യക്തത വരുത്തുന്നതിനായി ലോൺ അക്കൗണ്ട് പാസ്സ് ബുക്ക സഹിതമുള്ള അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/2022-23 തീയതി 14.11.2023 ക്ക് മറുപടിയിൽ ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല. ആവശ്യപ്പെട്ട വിവരങ്ങൾ, രേഖകളുടെ പിൻബലത്തോടെ, ലഭ്യമാക്കേണ്ടതാണ്.

## 1-1-16 തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ചെക്കുകൾ അക്കൗണ്ടിൽ പണമായി വരവ് വന്നിട്ടില്ല

തനത് ഫണ്ട് അക്കൗണ്ടിന്റെ (നം. 5462) റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ചുവടെ പരാമർശിക്കും പ്രകാരമുള്ള ചെക്ക് അക്കൗണ്ടിൽ പണമായി വരവ് വന്നിട്ടില്ലെന്ന് കാണുന്നു.ഇതിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 15.11.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 1220000233/31.01.2023 | 5200/- |

മേൽ അപാകതകയ്ക്ക് മേൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-17 ലിറ്ററസി സ്കീം ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പ് നിൽക്കുന്ന തുക- ബാങ്ക് അക്കൗണ്ടിൽ 38827/- രൂപയുടെ കുറവ്

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ലിറ്ററസി സ്കീം ഗ്രാന്റ് ഇനത്തിൽ ബാധ്യതയായി നിൽക്കുന്ന തുക 485482/- രൂപ ആണ്. എന്നാൽ ടി തുക സൂക്ഷിച്ചിട്ടുള്ള SBI Saksharatha (57036941489) അക്കൗണ്ടിൽ (B17) /(RP 40(b)) പ്രകാരം നീക്കിയിരുപ്പ് 446655/- രൂപ ആണ്. പലിശ അടക്കം ബാധ്യതാ തുകയെക്കാൾ കൂടുതൽ തുക ബാങ്ക് അക്കൗണ്ടിൽ വരേണ്ടതിനു പകരം 38827/- രൂപയുടെ കുറവ് കാണുന്നു. കൂടുതൽ പരിശോധനക്കായി ബാങ്ക് പാസ്സ് ബുക്കും ആവശ്യമായ വ്യക്തതക്കായി അധികവിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 21/2022-23 തീയതി 15.11.2023) യിൻ മേൽ അഭിപ്രായമോ മറുപടിയോ ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖാന്തിരം ചൂണ്ടിക്കാണിച്ച അപാകതകളിൻമേൽ വ്യക്തമായ മറുപടി, ആവശ്യപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-18 ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ ബാധ്യതാ വിവരങ്ങൾ B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങളിലും (B-17) നീക്കിയിരുപ്പ വിവരങ്ങളിലും (RP 40(b)) 31.03.2023 ലെ ILGMS നീക്കിയിരുപ്പിലും ഉൾപ്പെട്ടിട്ടുള്ള, വിവിധ ഉദ്ദേശ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ബാധ്യതാ ശീർഷകങ്ങളിൽ ഉൾപ്പെടേണ്ട, ചുവടെ പറയുന്ന തുകകളുടെ/ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബാധ്യതാ ശീർഷക വിവരം | ബാങ്ക് അക്കൗണ്ട് നം. | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Health Grant-conversion Of Rural PHCs To Health And Wellness | Sbi 40981745846 (KL 281) | 60559/- |
| 2 | Health Grant-towards Support Of Diagnostic Infrastructure | Sbi 40981746102 (KL 278) | 105756/- |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 21/2022-23 തീയതി 15.11.2023 മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആയതിൻ മേൽ അഭിപ്രായമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-19 വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി KSEB യ്ക്ക് കൈമാറിയ 436666/-രൂപയുടെ വിവരം B-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്റ്റ് നം.253/2023(ആര്യൻകോട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി 385168/- രൂപയും പ്രോജക്റ്റ് നം.233/2023(കുന്നത്തുകാൽ KSEB-സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ) എന്ന പദ്ധതിക്കായി 51498/- രൂപയും ഉൾപ്പടെ 2022-23 ൽ നിക്ഷേപ പ്രവൃത്തികൾക്കായി KSEB യ്ക്ക് കൈമാറിയ 436666/-രൂപയുടെ വിവരം B-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസിയായ KSEB യ്ക്ക് കൈമാറിയ തുകയുടെ വിവരം B-18ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 31.03.22 ലെ 1(1) ആം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9702838 |
| റവന്യൂ വരവ് | 481678200 |
| മൂലധന വരവ് | 35168800 |
| ആകെ വരവ് | 516847000 |
| ആകെ | 526549838 |
| റവന്യൂ ചെലവ് | 481626500 |
| മൂലധന ചെലവ് | 35200000 |
| ആകെ ചെലവ് | 516826500 |
| നീക്കിയിരിപ്പ് | 9723338 |

തുടർന്ന് സർക്കാർ/ ഇതര ഗ്രാന്റുകളുടേയും വരവിലുണ്ടായ വ്യത്യാസങ്ങൾ കാരണവും വാർഷിക പദ്ധതിയിലുണ്ടായ ഭേദഗതികളുടെ ഭാഗമായും വരവ് ചെലവ് കണക്കുകളിൽ വന്ന മാറ്റത്തിനനുസൃമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 22.02.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9586838 |
| റവന്യൂ വരവ് | 286328200 |
| മൂലധന വരവ് | 59868800 |
| ആകെ വരവ് | 346197000 |
| ആകെ | 355783838 |
| റവന്യൂ ചെലവ് | 326022238 |
| മൂലധന ചെലവ് | 25033821 |
| ആകെ ചെലവ് | 351056059 |
| നീക്കിയിരിപ്പ് | 4727779 |

## 1-2-1 ബജറ്റ് - നിരീക്ഷണങ്ങൾ

**1. ബജറ്റ് രൂപീകരണം**

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ.(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2) നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചു സംബന്ധിച്ച രേഖകൾ അപൂർണ്ണമാണെന്ന് കാണുന്നു (ഉദാ, എ.ഇ, കൃഷി ഓഫീസർ, വെറ്റിനറി സർജൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ).

**2. ബജറ്റ് വകയിരുത്തൽ-ചെലവ്**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയി ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല.

1) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവുണ്ടായിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2501001 | Agriculture And Related Sectors -Paddy | 45000 | 0 |
| 2 | 2505003 | Solar Power Generation | 200000 | 0 |
| 3 | 2511009 | Reading Room And Libraries | 50000 | 0 |
| 4 | 2512027 | Crematorium | 949264 | 0 |
| 5 | 2516003 | Public Crematoriums And Burial Ground | 1067000 | 0 |

2) വരവിനങ്ങളിൽ നിന്നും ലഭിക്കാനിടയുള്ള തുകകൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ ആയി ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | Property Tax | 4000000 | 2710534 |
| 2 | 1102001 | Professional Tax | 1700000 | 1146212 |
| 3 | 1401101 | Licence Fee | 400000 | 200665 |
| 4 | 1401201 | Permit Fee | 500000 | 138252 |

പൂർണ്ണമായ ഫയൽ വിവരങ്ങളും ബജറ്റ് സംബന്ധിച്ച അധിക വിശദാംശങ്ങളും വ്യതിയാനങ്ങൾക്കുള്ള കാരണവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 11/2022-23 തീയതി 09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 15152362 |
| ഓഡിറ്റ് വർഷത്തെ വരവ് | 32894145 |
| ആകെ വരവ് | 48046507 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 37427107 |
| നീക്കിയിരിപ്പ് | 10619400 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12907200 | 12907200 | 18170655 | -5263455 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6527151 | 6527151 | 5586842 | 940309 |
| സി.എഫ്.സി. ടൈഡ് | 0 | 6232296 | 6232296 | 5149437 | 1082859 |
| സി.എഫ്.സി. അൺടൈഡ് | 0 | 3384195 | 3384195 | 4106681 | -722486 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10888000 | 10888000 | 7667871 | 3220129 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7998000 | 7998000 | 7874723 | 123277 |
| CSS | 0 | 0 | 0 | 1091761 | -1091761 |
| SSS | 0 | 0 | 0 | 1012581 | -1012581 |

## 1-4-1 ഗ്രാന്റ് വിനിയോഗം- വിശകലനവും പൊരുത്തക്കേടുകളും

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട പൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് (പൊതുവിഭാഗം) അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിനത്തിൽ പ്രോജക്റ്റ് നം. 270, 278/2023 എന്നിവ പ്രകാരം ആകെ 4576000/- രൂപയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ പ്രോജക്റ്റ് നം. 268, 269, 276/2023 എന്നിവ പ്രകാരം ആകെ 1357800/- രൂപയും ഉൾപ്പടെ ആകെ 5933800/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ്

സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസനഫണ്ടിൽ (പൊതുവിഭാഗം) ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തി നെഗറ്റീവ് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

2) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

4) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| **മേഖല** | **വിഭാഗം** | **അടങ്കൽ (മറ്റുള്ളവ ഒഴികെ)** | **ചെലവ് (മറ്റുള്ളവ ഒഴികെ)** | **ചെലവ് %** |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 6656717 | 5511002 | 83 |
| **സേവനം** | പൊതുവിഭാഗം | 59568060 | 27817175 | 47 |
| | പട്ടിക ജാതി | 11069517 | 5670177 | 51 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 21741887 | 14822223 | 68 |
| | പട്ടിക ജാതി | 1183332 | 339498 | 29 |

സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി. 19.04.22, ഖണ്ഡിക 6.1(1),6.2(1) എന്നിവ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ സേവന മേഖലയിൽ പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിരുന്ന 11069517/- രൂപയിൽ 5670177/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതുപോലെ പശ്ചാത്തലമേഖലയിൽ പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിരുന്ന 1183332/- രൂപയിൽ 339498/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിനായി നീക്കിവച്ചിരുന്ന തുകകളിൽ യഥാക്രമം 51,29 ശതമാനങ്ങൾ മാത്രമേ സേവന-പശ്ചാത്തല മേഖലകളിൽ ചെലവഴിച്ചിട്ടുള്ളുവെന്നത് പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലമാണ്. ഗ്രാന്റ് വിനിയോഗത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവു തുകകൾ എ.സി.ആർ, സുലേഖ പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വരവ് (രൂപ) | | | ചെലവ് (രൂപ) | | |
|---|---|---|---|---|---|---|
| | ഗ്രാന്റ് | എ.സി.ആർ | എ.എഫ്.എസ് | ഗ്രാന്റ് | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് (ജനറൽ) | 12907200 | 12907200 | 18170655 | 18170655 | 12441194 | 18170655 |
| വികസനഫണ്ട് (എസ്.സി.പി) | 6527151 | 6527151 | 5586842 | 5586842 | 5368993 | 5586842 |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് (ടൈഡ്) | 6232296 | 6232296 | 5007618 | 5149437 | 5149437 | 9256118 (Tied+untied) |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് (അൺ ടൈഡ്) | 3384195 | 3384195 | 4012200 | 4106681 | 4106681 | |
| മെയിന്റനൻസ് റോഡ് | 10888000 | 10888000 | 7667871 | 7667871 | 7667871 | 7667871 |
| മെയിന്റനൻസ് റോഡിതരം | 7998000 | 7998000 | 7874723 | 7874723 | 7903723 | 7874723 |
| കേന്ദ്രാവിഷ്കൃത | 0 | 0 | 0 | 1091761 | 0 | 1091761 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | (നീക്കിയിരുപ്പ് - 1091761 ആയി കാണിച്ചിരിക്കുന്നു) | | |
| സംസ്ഥാനാവിഷ്കൃത പദ്ധതി | 0 | 0 | 0 | 1012581 (നീക്കിയിരുപ്പ് -1012581 ആയി കാണിച്ചിരിക്കുന്നു) | 0 | 1012581 |

മേൽ പരാമർശിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം മതിയായ രേഖകളുടെ പിൻബലത്തോടെ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/2022-23 തീയതി 13.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ഓരോ ഫണ്ടിനങ്ങളുടെ കാര്യത്തിലും, വരവ്-ചെലവ് വിശദാംശങ്ങളിൽ ഉണ്ടായിട്ടുള്ളതും മേൽപരാമർശിച്ചതുമായ വ്യതിയാനങ്ങളിൻമേലും പൊരുത്തക്കേടുകളിൻമേലും വ്യക്തമായ വിശദീകരണം, രേഖകളുടെ പിൻബലത്തോടെ, ലഭ്യമാക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗ്രാന്റ് ലഭ്യത, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം എന്നിവ വ്യക്തമാക്കുന്നതിനായി താഴെ പറയുന്ന പട്ടികയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ആധികാരിക വിവരങ്ങൾ ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.


| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസനഫണ്ട് സാധാരണ വിഹിതം | 18841000 | 18170655 | 670345 |
| പട്ടിക ജാതി ഉപപദ്ധതി | 6745000 | 5586842 | 1158158 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 7998000 | 7874723 | 123277 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 10888000 | 7667871 | 3220129 |
| **ആകെ** | **44472000** | **39300091** | **5171909** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**



(2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്ന പട്ടികയിൽ ലഭ്യമാക്കേണ്ടതാണ്.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഇ.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 2 | 734500 | 552847 | 75.26% |
| വെറ്റിനറി സർജൻ | 7 | 7 | 0 | 1818000 | 1780432 | 97.93% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 15 | 14 | 1 | 5760150 | 5323726 | 92.42% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 0 | 1150000 | 1150000 | 100% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 0 | 0 | 0 | 0 | 0 | 0 |
| വി.ഇ.ഒ | 18 | 13 | 5 | 29804390 | 4616690 | 15.48% |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 17 | 15 | 2 | 6192296 | 4846823 | 78.27% |
| സെക്രട്ടറി | 54 | 44 | 10 | 17785224 | 13446811 | 75.60% |
| അസി.സെക്രട്ടറി | 8 | 8 | 0 | 3449160 | 2997875 | 86.91% |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1800000 | 1400000 | 77.78% |
| ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 0 | 724120 | 355764 | 49.13% |
| എ.ഇ, എൽ.എസ്.ജി.ഡി | 102 | 78 | 24 | 31001673 | 17931369 | 57.84% |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 23448590 | 18170655 | 77.49% |
| എസ്.സി.പി. | 6962849 | 5586842 | 80.23% |
| ടി.എസ്.പി. | 0 | 0 | 0 |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 15002747 | 9256118 | 61.69% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7281264 | 1091761 | 14.99% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8510025 | 1012581 | 11.89% |
| തനത് ഫണ്ട് | 3310171 | 1727310 | 52.18% |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 5000375 | 1346788 | 26.93% |
| മറ്റ് ജില്ലാ പഞ്ചായത്ത് | 8539225 | 328000 | 3.84% |
| മെയിന്റനൻസ് നോൺ റോഡ് | 9679000 | 7874723 | 81.35% |
| മെയിന്റനൻസ് റോഡ് | 12085534 | 7667871 | 63.44% |
| മറ്റുള്ളവ | 19364962 | 575920 | 2.97% |
| ആകെ | 119584475 | 54978257 | 45.97% |

**ആസൂത്രണ സമിതി**

മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. പുനഃസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 8.2.2022 2( 2)-ാം നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ് .വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 236 | 192 | 44 | 100219513 | 54402337 | 54.28 |

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ചർച്ച നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി

സംയോജിച്ച്, പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഉപയോഗിച്ച് പദ്ധതി രൂപീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കൃത്യമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6075400 | 423 |
| വിധവാ പെൻഷൻ | 14384800 | 1180 |
| വാർദ്ധക്യകാല പെൻഷൻ | 26379900 | 2401 |
| വികലാംഗ പെൻഷൻ | 4826100 | 247 |
| വിവാഹ ധനസഹായം | 180000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 352000 | 26 |

## 1-6-1 ക്ഷേമപെൻഷൻ മരണശേഷവും നൽകി

പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | ക്ഷേമ പെൻഷൻ ഇനം | സ്റ്റാറ്റസ് | പ്രതിമാസ പെൻഷൻ | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ നൽകിയ മാസം |
|---|---|---|---|---|---|---|---|
| 1 | കൃഷ്ണൻ നായർ | 102860100808 | കർഷകതൊഴിലാളി പെൻഷൻ | സസ്പെൻഡ് | 1600 | 04.07.22 | നവംബർ2022 |
| 2 | ദേവസഹായം | 102860200483 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 12.08.22 | നവംബർ 2022 |
| 3 | വസന്ത എസ് | 102860601600 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | സസ്പെൻഡ് | 1600 | 18.07.22 | നവംബർ 2022 |
| 4 | രാജൻ എ | 102860203102 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 04.03.22 | മെയ് 2022 |
| 5 | സഹദേവൻ | 102860201133 | ഇന്ദിരാ ഗാന്ധി | സസ്പെൻഡ് | 1600 | 10.06.2022 | സെപ്റ്റംബർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെ | | ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | 2022 |
| 6 | ലാസർ ഡി. | 102860100662 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 1600 | 19.01.2023 | ഫെബ്രുവരി 2023 |
| 7 | സുമതി | 102860201480 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 14.02.23 | ജൂൺ 2023 |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/2022-23 (തീയതി 15-11-2023)-ന് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെടുന്ന ഗുണഭോക്താക്കളുടെ ക്ഷേമപെൻഷനുകൾ യഥാസമയം റദ്ദ് ചെയ്യുന്നതാണെന്ന് അറിയിക്കുകയുണ്ടായി.മരണപ്പെടുന്ന ഗുണഭോക്താക്കളുടെ ക്ഷേമപെൻഷനുകൾ യഥാസമയം റദ്ദ് ചെയ്യുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/11/2023 തീയതിയിൽ 11.10 Am -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1100/- (ആയിരത്തി ഒരുന്നൂറ്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ അഭ്യന്തര നിയന്ത്രണം മെച്ചപ്പെട്ട നിലയിലാണെങ്കിലും ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

2) സ്റ്റാഫ് മീറ്റിംഗ് മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മീറ്റിംഗുകളുടെയും റിവ്യൂ മീറ്റിംഗുകളുടെയും വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷത്തെ പൌരാവകാശരേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

5) ഡിപ്പോസിറ്റ് രജിസ്റ്റർ, ഇൻകുംബൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ EMD രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തവും ക്രിയാത്മകതയും ഉണ്ടാകേണ്ടതാണ്.

8) നികുതി നികുതിയേതര വരുമാനങ്ങൾ പൂർണമായും പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

9) ഗ്രാമ പഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

**ക്യാഷ് ബുക്ക് പ്രകാരം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3547 | 2030768 | 2034315 | 2027897 | 6418 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 123437600 | 123437600 | 123437600 | 0 |
| ആകെ | 3547 | 125468368 | 125471915 | 125465497 | 6418 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3547 | 2030768 | 2034315 | 780454 | *1269215 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 123804108 | 123804108 | 123804108 | 0 |
| ആകെ | 3547 | 125834876 | 125838423 | 124584562 | 1269215 |

*1262797/- രൂപയുടെ Uncashed Cheque ഉൾപ്പെടെ.

വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയും ക്യാഷ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. തുകകൾ പൊരുത്തപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |

## 1-11 ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള മുഴുവൻ വളർത്ത് നായകൾക്കും ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വളർത്ത് നായകളുടെ എണ്ണം 1388 ആണ്. വാർഷിക ധനകാര്യപത്രിക റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ -4 പ്രകാരം License Fees For Dogs And Pigs എന്നയിനത്തിൽ 7260/- രൂപയാണ്. 2022-23 വർഷം എത്ര വളർത്ത് നായ്ക്കൾക്ക് ലൈസൻസ് എടുത്തിട്ടുണ്ട് എന്ന വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം- 6 /2022-23 ന് 630 നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3, ക്രമ നം. 27 പ്രകാരം വളർത്തു നായകൾക്ക് ലൈസൻസ് അനുവദിച്ച് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാണ്. മുഴുവൻ വളർത്ത് നായകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2) റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതായും തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എ,സ്) എ9-764/2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവൃത്തിക്കുന്നുണ്ടെന്ന വിവരവും ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-8 /2022-23 -ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 24 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്നും 6 റേഷൻകടകൾ മാത്രമെ ലൈസൻസ് എടുത്തിട്ടുള്ളുവെന്നും ബാക്കി റേഷൻകടകളിൽ നിന്ന് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ലൈസൻസ് ഇല്ലാതെ വാണിജ്യ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1288 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 47 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 4 |
| 6 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 9 |
| **ആകെ** | | **1350** |

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 223 പേർക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് (2023-24 വർഷത്തേക്കുള്ള ലൈസൻസ് അഡ്വാൻസ് പേയ്മെന്റ് നടത്തിയവരുടെ വിവരവും 2022-23 വർഷം ലൈസൻസ് എടുത്തവരുടെ ഒപ്പം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഇത് കൃത്യമായ കണക്കല്ല). ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-13 /2022-23 -ന് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകിയതായി മറുപടി നൽകി.വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-16 /2022-23 -ന് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ലായെന്ന് അറിയിക്കുകയുണ്ടായി.പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കുകയും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. അടിസ്ഥാന വസ്തു നികുതി നിരക്കും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള വിസതീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സഞ്ചയ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും കെട്ടിടങ്ങളുടെ വിസ്തീർണ്ണം സഞ്ചയയിൽ രേഖപ്പെടുത്തി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡോർ നം. | ഉപയോഗക്രമം | സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണം | നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|---|---|
| 1 | 1/4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ | 10 ച.മീ | 40 |

| | | | | |
|---|---|---|---|---|
| | | തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | | |
| 2 | 2/669 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30.74 ച.മീ | 60 |
| 3 | 2/686 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 12.92 ച.മീ | 60 |
| 4 | 2/687 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 35.97 | 60 |
| 5 | 3/16 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 14 | 60 |
| 6 | 3/25 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 18 | 60 |
| 7 | 3/506 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 20 | 60 |
| 8 | 3/510 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 20 | 60 |
| 9 | 3/512 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 25 | 60 |
| 10 | 4/249 A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 33.99 | 60 |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.-18/2022-23 -ന് ലഭ്യമാക്കിയ മറുപടിയിൽ തറ വിസ്തീർണം രേഖപ്പെടുത്തിയതിൽ അപാകതകളുണ്ടെങ്കിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തിയാക്കുന്നതിലൂടെ അപാകത പരിഹരിക്കപ്പെടുന്നതാണെന്ന് അറിയിക്കുകയുണ്ടായി. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംഗൻവാടിക്ക് ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ട് നം | 242/23 |
| അടങ്കൽ തുക | 200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 199980 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം./ തീയതി | 439/25.03.23 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 12 മേശ, 392 കസേര എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. അത് പ്രകാരം ഇമ്മാനുവേൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 199980/- ചെലവഴിച്ച് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം-27/25.03.2023) പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് ടെണ്ടർ രേഖകൾ ഹാജരാക്കില്ല.പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-23/22-23 -ന് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ടെണ്ടർ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14 ആശ്വാസ്-ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സാഹായം- മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല-71700/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റിന്റെ പേര്-ആശ്വാസ്-ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം

പ്രോജക്ട് നമ്പർ-SO265/23

അടങ്കൽ തുക-72000/- (തനതു ഫണ്ട്)

ചെലവ് തുക-71700/- (തനത് ഫണ്ട്) Ch No. 184875 Dtd.27.3.23

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ ആശ്വാസ്-ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ട്.എന്നാൽ സ.ഉ.(കൈ)നം.115/2022 /തസ്വഭവ തിയതി 28/5/2022പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ 7.6.7പ്രകാരം വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നതിനും,പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കകൾക്കും,നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതായും ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ.ഉ.(കൈ)നം.115/2022/തസ്വഭവ തിയതി 28/5/2022പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ(ഖ.7.6.7) നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് മുഖേന പദ്ധതി നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിന് വിഹിതം നല്കി.

2.പദ്ധതിയ്ക്കായി(SO265/23) ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.

3.ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമല്ല.

4.ഗുണഭോക്താക്കൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകൾ ലഭ്യമല്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 29ന്റെ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് നിർബന്ധമായും സംയുക്തപ്രോജക്ടായി ഏറ്റെടുക്കണമെന്ന് അറിയിച്ചതിനാൽ , ഗുണഭോക്താക്കളുടെ എണ്ണവും തുകയും ജില്ലാപഞ്ചായത്ത് നല്കിയതനുസരിച്ച് വകയിരുത്തിയതായും, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുള്ളതായും അറിയിച്ചു. എന്നാൽ, പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീ.19.4.2022 ഖ.3.5.4,5 എന്നിവ പ്രകാരം പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങൾ വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനും, പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന ഗ്രാമപഞ്ചായത്താണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടതെന്നും,പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.മേൽ പരാമർശിച്ച പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ, പതിനാലാം പദ്ധതി, സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 18.09.22-ലെ ഡി.എ1/151/2022/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായും പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ രേഖ ഹാജരാക്കിയില്ല-16,51,555/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ രേഖ ലഭ്യമാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്/നമ്പർ | ബിൽ നമ്പർ തുക | റിമാർക്സ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ആര്യങ്കോട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ( SO253/23) | Amt-385168<br>Bill No.368/11.3.23<br>Bill No.387/16.3.23 | കെ.എസ്.ഇ.ബി | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| 2 | പഞ്ചായത്ത് ഓഫീസിൽ ബോർവെൽ നിർമ്മാണം (SO097/23) | Amt-79827<br>Bill No.19/23 Dtd 5.5.22 | ഭൂജല വകുപ്പ് | സെക്രട്ടറി |
| **3** | പി.എം.എ.വൈ വിഹിതം അടയ്ക്കൽ (SO216/23) | Amt-770000<br>Bill No.18/23 Dtd-27.8.12 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി |
| 4 | ഐ.കെ.എം ന് വിഹിതം നല്കൽ (SO112/23) | 78768<br>Bill No.15/23 Dtd.29.8.22 | IKM Director | സെക്രട്ടറി |
| 5 | പാഥേയം (SO145/23) | Amt-337792/-<br>Bill No.425/23 Dtd23.3.23 | ജില്ലാപഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി |
| | **ആകെ തുക** | **1651555** | | |

മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ രേഖ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 30 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-16 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 1199874/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ബി.ആർ.സി ടീച്ചർ, ആയ ഹോണറേറിയം, ഭക്ഷണം,വണ്ടിവാടക ഉൾപ്പടെ തുടർ ചെലവുകൾ | ബി.ആർ.സി ടീച്ചർ, ആയ ഹോണറേറിയം, ഭക്ഷണം,വണ്ടിവാടക ഉൾപ്പടെ തുടർ ചെലവുകൾ |
| പ്രോജക്ട് നമ്പർ | SO020/23 | SO094/23 (സ്പിൽ ഓവർ) |
| അടങ്കൽ തുക | 1080000 (വികസനഫണ്ട് 4,80,000 തനത് ഫണ്ട് 600000) | 171368 (വികസനഫണ്ട് 109600 തനത് ഫണ്ട് 61768) |
| ചെലവ് തുക | 1044469 (വികസനഫണ്ട് 461900 തനത് ഫണ്ട് 582569) | 155405 (വികസനഫണ്ട് 96000 തനത് ഫണ്ട് 59405) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി | അസി.സെക്രട്ടറി |

2022-23 വർഷം അസി.സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്ടുകൾക്കായി യഥാക്രമം 1044469, 155405/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട് (സുലേഖ ചെലവ് പത്രിക പ്രകാരം). പ്രസ്തുത പദ്ധതികളുടെ ചെലവ് രേഖകൾ,ട്രഷറി ബിൽ ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.34/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1199874/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 തൊഴിൽ സഭ-പദ്ധതി നടത്തിപ്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-4100/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്-തൊഴിൽ സഭ

പ്രോജക്ട് നമ്പർ- SO0236/23
അടങ്കൽ തുക- 10250/- (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് തുക- 4100/- (വികസനഫണ്ട് പൊതുവിഭാഗം)
(Bill No.394/23 Dtd.17.3.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 1000-ൽ 5 പേർക്ക് തൊഴിൽ നല്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടിയും പ്രോജക്ട് നടപ്പിലാക്കുന്നതിന് വേണ്ടി ആയതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്കും

അനുബന്ധചെലവുകൾക്കുമാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

- പരിപാടിയുടെ സംഘാടനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.
- മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.
- പ്രസ്തുത പദ്ധതിക്കായി രജിസ്റ്റർ ചെയ്ത തൊഴിലരഹിതരുടെ വിശദാംശങ്ങൾ ലഭ്യമല്ല.
  മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 31/23 തീയതി 17.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഭാവനം ചെയ്തതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിയതായുള്ള രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവറായി 2023-2024 വർഷം പദ്ധതി തുടരുന്നുണ്ടോയെന്ന വിവരവും ലഭ്യമല്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-18 പഞ്ചായത്ത് ഓഫീസ് നവീകരണം-ടെണ്ടർ നടപടി -അപാകതകൾ

പ്രോജക്ടിന്റെ പേര്-ആര്യങ്കോട് പഞ്ചായത്ത് ഓഫീസ് നവീകരണം

പ്രോജക്റ്റ് നം -SO 59/23(126/22)

അടങ്കൽ തുക-109948/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവായ തുക-88115/(ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നമ്പർ-46/02-06-2022

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എൻജിനീയർ

2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) 2021-22 സാമ്പത്തിക വർഷത്തിലെ പ്രോജക്റ്റ് നം. 126/2021-22 പ്രകാരം ഫ്ലോറിങ്, ഇലക്ട്രിഫിക്കേഷൻ എന്നിങ്ങനെ രണ്ട് പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ രണ്ട് പ്രവർത്തികൾക്കും വേർതിരിച്ചാണ് ടെന്റർ വിളിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ പാലിക്കാതെ ശ്രീ.ധനീഷ് ടി ക്ക് പ്രവൃത്തി അനുവദിച്ച് നൽകി.

2) ടെണ്ടറുമായി ബന്ധപ്പെട്ട് നല്കിയ പരസ്യം രേഖകളിൽ ലഭ്യമല്ല.

3) പ്രോജക്റ്റ് നം. SO 59/2023പഞ്ചായത്ത് ഓഫീസിന്റെ ഇലക്ട്രിഫിക്കേഷൻ- ന് സുലേഖ പത്രിക പ്രകാരമുള്ള അടങ്കൽ 100,998 രൂപയാണെങ്കിലും ടെണ്ടർ ഷെഡ്യൂളിൽ 140,000 രൂപയാണ് എസ്റ്റിമേറ്റ് ആയി കാണിച്ചിരിക്കുന്നത്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 24ന്റെ മറുപടിയിൽ പ്രസ്തുത പ്രവർത്തിയിൽ ഒരു ടെണ്ടർ മാത്രമെ നടത്തിയിട്ടുള്ളുവെന്നും മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാരൻ ഇലക്ട്രിക്കൽ ലൈസൻസ് ഉള്ള ആളായതിനാൽ ടി പ്രവൃത്തി ചെയ്ത് കാലതാമസം വരാതെ പൂർത്തികരിക്കുകയാണുണ്ടായതെന്നും രേഖപ്പെടുത്തിയിരിക്കുന്നു.മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് ഓഫീസിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ ടെണ്ടർ നടപടികളിൽ സുതാര്യത നിലനിർത്തുന്നതിനും നിലവിൽ പ്രവൃത്തി നടത്തിയ കരാറുകാരനെകാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടത്തുന്നതിന് ടെണ്ടറിൽ പങ്കെടുത്ത മറ്റ് കരാറുകാർ തയ്യാറായാൽ ആയത് വഴി പഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടാകുമായിരുന്നു. ഭാവിയിൽ ടെണ്ടർ നടപടികളിൽ വീഴ്ചയുണ്ടാകാതെ നടപടികൾ കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 തനത് വരുമാനം സംബന്ധിയായ നിരീക്ഷണങ്ങൾ

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 01/09.11.2023) സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർക്കുന്നു.

A. തനത് വരുമാനം

1)24.04.2022-ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടെങ്കിലും 2022-23 സാമ്പത്തിക വർഷത്തിൽ പുതിയ തനത് വരുമാന സ്രോതസ്സുകളൊന്നും കണ്ടെത്തിയിട്ടില്ല.

2.നികുതി- നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ്-പിരിവ് പുരോഗതി സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികളുടെ

വിവരം ഓഡിറ്റ് എൻക്വയറി മുഖേന അന്വേഷിച്ചതിന് വസ്തു നികുതി, ലൈസൻസ് ഫീസ് എന്നിവ പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിശകലനം ചെയ്യുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റി 08.11.2022-ലെ തീരുമാനപ്രകാരം തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കളക്ഷൻ ക്യാമ്പ്, ലൈസൻസ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. തനതു വരുമാനം പിരിച്ചെടുക്കുന്നതിലെ പുരോഗതി എല്ലാ മാസവും ആദ്യ യോഗത്തിൽ വിലയിരുത്തി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും അതോടൊപ്പം തനത് വരുമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്.

3) ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ തനത് വരുമാനങ്ങളിൽ നിന്നായി 31.03.2023 ലെ നില അനുസരിച്ച് 86679/- രൂപയാണ് ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ളത്. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ടി തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4) 01/04/2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ജനറൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

B.വസ്തുനികുതി

1.സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് 24.07.2023 ലെ 6(2) നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തതിട്ടുണ്ടെന്ന് മറുപടി നൽകി. തദ്ദേശസ്ഥാപനം മേഖലാ വിഭജനം നടത്തി 25/09/2023 ലെ നമ്പർ ഭരണസമിതി തീരുമാന പ്രകാരം വിവരം പ്രസിദ്ധീകരിച്ചിട്ടുള്ളതായും മറുപടി നൽകി.

2. 25/09/20 ലെ 3(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്.അനുമതി ഇല്ലാതെയും അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫീൽഡ് തല അന്വേഷണം നവംബർ മാസം മുതൽ ആരംഭിച്ചതായി അറിയിച്ചു

C. സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി, വസ്തുനികുതി ഒഴിവാക്കിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവനനികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്ന് അറിയിച്ചു

D.തൊഴിൽ നികുതി

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്നാൽ, മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി (സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്നും വാർഡ് തല ഡെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

E.വിനോദ നികുതി

പ്രസ്തുത വിഷയത്തിന് വിവരങ്ങൾ ലഭ്യമാക്കിയില്ല

F.നികുതിയേതര വരവുകൾ

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും തനത് വരവുകൾ വർദ്ധിപ്പിക്കുന്നതിനും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോ. നം/ പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 230, ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യം | 20000 |
| 2 | | 2022-23 | 90, ലൈഫ്(എസ്.സി.പി) | 70000 |
| 3 | | 2022-23 | 222, ലൈഫ് 2020 | 40000 |
| 4 | | 2022-23 | 26, അംഗൻവാടി പോഷകാഹാരം (എസ്.സി.പി) | 52833 |
| 5 | | 2022-23 | 189, ഭിന്നശേഷി ഉപകരണ വിതരണം | 199830 |
| 6 | | 2022-23 | 120, സ്നേഹസ്പർശം | 364125 |
| 7 | | 2022-23 | 139,ക്ഷീര സമൃദ്ധി | 600000 |
| | **ആകെ** | | | **1346788** |
| 8 | ജില്ലാ പഞ്ചായത്ത് | 2022-23 | 120, സ്നേഹസ്പർശം | 128000 |
| 9 | | 2022-23 | 139,ക്ഷീര സമൃദ്ധി | 200000 |
| | **ആകെ** | | | **328000** |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ നം., പേര് | നൽകിയ വർഷം | തൻ വർഷം ചെലവഴിച്ച തുക (രൂപ) | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 253, ആര്യൻകോട് പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റൽ | 2022-23 | 385168 | |
| | 233, കുന്നത്തുകാൽ KSEB സ്ട്രീറ്റ് ലൈറ്റ് മീറ്റർ | | 51498 | |
| ഭൂജല വകുപ്പ് | 97, പഞ്ചായത്ത് ഓഫീസിൽ ബോർവെൽ | 2022-23 | 79827 | |
| **ആകെ** | | | **516493** | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പാ /വായ്പാതിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (മുൻ വർഷത്തെ B-5 ഷെഡ്യൂൾ പ്രകാരം) | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | | 55217146 | 0 | 4793849 | 50423297 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപേരും | രസീത് നം തീയതി |
|---|---|---|---|---|---|
| 1 | 2019-20 | 1-17 | 352 | സെക്രട്ടറി | 1220700954/30.07.22 |
| 2 | 2019-20 | 1-24 ബി | 1741 | വിനോദ്കുമാർ, കരാറുകാരൻ | 1220702220/08.11.22 |
| 3 | 2020-21 | 1-26 | 1358 | വിനോദ്കുമാർ, കരാറുകാരൻ | 1220702221/08.11.22 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2021-22 | 3.2 | 2022-23 | 3.2 | ഓട നിർമ്മാണം അളവിലെ വ്യത്യാസം |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 15152362 |
| ഓഡിറ്റ് വർഷത്തെ വരവ് | 32894145 |
| ആകെ | 48046507 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 37427107 |
| നീക്കിയിരിപ്പ് | 10619400 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2927229 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 71700 | ശ്രീമതി. കലാറാണി .ആർ.ഐ, സെക്രട്ടറി |
| 1-15 | 1313763 | ശ്രീമതി. കലാറാണി .ആർ.ഐ, സെക്രട്ടറി |
| | 337792 | ശ്രീ. ശിവകുമാർ .എം, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-16 | 1199874 | ശ്രീ. ശിവകുമാർ .എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-17 | 4100 | ശ്രീമതി. കലാറാണി .ആർ.ഐ, സെക്രട്ടറി |
| **ആകെ** | **2927229** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.കലാറാണി.ആർ.ഐ, സെക്രട്ടറി | ആര്യൻകോട് ഗ്രാമപഞ്ചായത്ത് | NA23(2), വാട്സ് ലെയ്ൻ, നന്തൻകോട് , തിരുവനന്തപുരം |
| 2. | ശ്രീ. ശിവകുമാർ .എം, അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | രാജശ്രീ, കരിയക്കോണം, ഊരുട്ടമ്പലം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| **ഓഡിറ്റ് വർഷം** | **ഈവകുപ്പിൽനിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം** |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/2380/2018 തീയതി. 12/07/2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1733/2021 തീയതി 28/10/2020 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/119/2022 തീയതി 04/03/2022 | 32 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1019/2022 തീയതി 30/06/2022 | 35 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/2153/2022 തീയതി 22/03/2023 | 33 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 (1) dated 31-07-2023 and submitted on 02-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Aryankode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aryankode Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Aryankode Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Annual financial statement is not submitted to Audit within the time limit stipulated in Kerala Local Fund Audit Act 1994.

2. Mandatory financial statements are not attached. Eg. The financial ratios,notes to accounts, B-1 Schedule (Adjusted performance forthe current year) are not submitted with the Annual Financial Statement.

3. Cash flow statement -Net increase /decrease in cashflow (Rs.-4532962) does not match with the net cash generated by operating, investing and financing activities (Rs.-5560124) .

4. Yearly Valuation of stock and stores are not done at the end of the financial year and also not included in B-14 stock in hand(inventories) schedule.

5. Depreciation statement is not produced for verification to audit.

6.There is a difference between secured loan amount (Rs. 50423297/-) and pre-paid expense amount (Rs. 50338105/-). The reason is not properly explained to audit.

7. Expired Stale Cheque amount not transferred to income head- out of the amount of Rs 233251/- the cheques which were issued before 3 years were not transferred to income head.

8.The amount given as capital work in progress (710294/-) does not match with the statement submitted by AE.

9.The details on prior period income ( I 19 schedule prior period income Rs.744424/-)and expenditure (I 18 schedule prior period expenses Rs 1182418/-) are not submitted to audit.

10.The bank account details of funds included in B-4 schedule is not submitted to audit.

| sl no. | head code | description | B4 schedule 2021-22 (Rs.) | B4 schedule 2022-23 (Rs.) |
|---|---|---|---|---|
| 1 | 320100999 | Other liabilities | 50000 | 50000 |
| 2 | 320200205 | Fund for tran inst-social justice -capital | 280000 | 280000 |
| 3 | 320400401 | Nabard assistance | 5179 | 5179 |
| | | Total | 335179 | 335179 |

11.The difference between the amount of joint vencture fund in B4 schedule (Rs.1096798/-) and closing balance of the respective bank(40(b) schedule (Rs.121383/-) is not explained to audit.

12.Property Tax Demand, Collection, Balance -amount in Sanchaya DCB statement does not match with amount in the Annual Financial Statement.

| Item | As per Sanchaya | | | As per AFS | | |
|---|---|---|---|---|---|---|
| | demand | collection | balance | demand | collection | balance |
| Resi (current) + Non-resi (current) | 2755015 | 2706583 | 43146 | 2710534 | 2660754 | 42066 |
| Resi (arr) + Non-resi (arr) | 67366 | 30269 | 37097 | 57124 | 71818 | 35233 |

13. Property Tax Demand, Collection, Balance amount is not matching among themselves in Annual Financial Statement.

| item | demand | collection | balance |
|---|---|---|---|
| Residential (current) | 1511013 | 1497942 | 12057 |
| Non-resi (current) | 1199521 | 1162812 | 30009 |
| Resi (arr) | 15414 | 37663 | 11388 |
| Non-resi (arr) | 41710 | 34155 | 23845 |

14. The amount deposited to other departments and agencies - related details and documents are not produced to audit.

| Head code | Item | Balance as per AFS 2022-23 |
|---|---|---|
| 460100199 | Other Deposits | 223892 |
| 460500202 | Deposit with KSEB | 2036313 |
| 460500204 | Deposit with Ground Water Dept | 702917 |

15.Laibility amount of loan under life project in AFS (Rs. 50423297/-) does not match with loan register (Rs.50641146/-).

16. Cheqe deposited for Rs. 5200/- to bank is not credited in the own fund account (SCB Mylachal).

| Sl No. | Cheque no./date | amount |
|---|---|---|
| 1 | 1220000233/ 31.03.2023 | 5200/- |

17. Literacy grant amount in the B4 schedule (Rs.485482/-) does not match with the closing balance of the respective bank account in the 40(b) schedule(Rs.446655/-).

18.The details of Health Grant account balance is not included in B4 schedule.

| Sl No. | Details of account | Bank account no. | Balance as per AFS 2022-23 |
|---|---|---|---|
| 1 | Health grant-conversion of rural PHC s to health and wellness | Sbi 40981745846 (KL 281) | 60559/- |
| 2 | Health grant-towards support of diagnostic infrastructure | Sbi 40981746102 (KL 278) | 105756/- |

19. The details of amount Rs. 436666/- deposited with KSEB is not included in B-18 schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്